"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2012-13 & 2013-14 വർഷങ്ങളിലെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള തുകയ്ക്ക് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ.(സാധാ) നം.597/2025/LSGD തീയതി,തിരുവനന്തപുരം, 04-03-2025

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.03.2024-ലെ LSGD/PD/50333/2023-AM3 നമ്പർ കത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.01.2025-ലെ ഡി.കെ.എസ്.എ.1579/പി.റ്റി.2/2024 നമ്പർ കത്ത്.

ഉത്തരവ്

തൃത്താല ഗ്രാമപഞ്ചായത്ത് ഡോ.കെ.ബി.മേനോൻ മെമ്മോറിയൽ ഹയർസെക്കണ്ടറി സ്കൂളിൽ 2012-13 & 2013-14 സാമ്പത്തിക വർഷങ്ങളിൽ സംഘടിപ്പിച്ച ഫുട്ബോൾ കോച്ചിംഗ് ക്യാമ്പിൽ തിളപ്പിച്ച പാലും കോഴിമുട്ടയും വിതരണം ചെയ്യുന്നതിനു വേണ്ടി വികസന ഫണ്ടിൽ നിന്ന് 54,000/- രൂപയും തനത് ഫണ്ടിൽ നിന്നും 50,000/- രൂപയും വിഷൻ ഇൻഡ്യ പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ വിഭാഗങ്ങൾക്കല്ലാതെ വികസന ഫണ്ട്/തനത് ഫണ്ട് വിനിയോഗിച്ച് പോഷകാഹാര വിതരണം ചെയ്യുന്നതിനുള്ള മറ്റ് പ്രൊജക്ടുകൾ ഡി.പി.സി അംഗികാരം ലഭിച്ചിട്ടുണ്ടെങ്കിൽ പോലും നടപ്പാക്കാൻ പാടില്ലെന്നും അഥവാ നടപ്പാക്കിയാൽ അത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുമെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 1,04,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്ററിൽ നിന്നും ഈടാക്കി 54,000/- രൂപ വികസന ഫണ്ടിലേക്കും 50,000/- രൂപ തനത് ഫണ്ടിലേക്കും തിരിച്ചടക്കേണ്ടതാണ് എന്നതാണ് തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 പ്രകാരമുള്ള പരാമർശം .

2. തൃത്താല ഗ്രാമപഞ്ചായത്തിൽ സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന ഡോ.കെ.ബി മേനോൻ സ്ഥാപിച്ച തൃത്താല ഹൈസ്കൂൾ വർഷങ്ങൾക്ക് മുമ്പ് കായിക രംഗത്ത് പ്രത്യേകിച്ച് ഫുട്ബോൾ രംഗത്ത് വളരെയധികം പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് യുവാക്കളുടെ ആവേശവും, പ്രസരിപ്പും നിലനിർത്തുന്നതിൽ പ്രദേശത്ത് വലിയ സംഭാവന ചെയ്തിരുന്നതാണ്. ഗ്രാമപഞ്ചായത്തിലെ യുവജനങ്ങളുടെ കായികക്ഷമതയും ആത്മ വിശ്വാസവും നിലനിർത്തുന്നതിന് ഡിപിസി അംഗീകാരത്തോടെ നടപ്പാക്കിയ ഈ പ്രോജക്ടിന്റെ ചെലവിന് സർക്കാരിന്റെ സാധുകരണത്തിന് അപേക്ഷിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയും, പ്രസ്തുത

ഓഡിറ്റ് പരാമർശത്തിന് സാധൂകരണത്തിന് ശുപാർശ ചെയ്ത് പാലക്കാട് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയും, അനുബന്ധ രേഖകളും, അനുകൂല ശിപാർശയും സഹിതം ഉചിത മാർഗേണയാണ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷ ലഭ്യമാക്കിയിട്ടുള്ളത്.

3. നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക വിരുദ്ധമായാണ് തുക ചെലവഴിച്ചിട്ടുള്ളതെങ്കിലും, ഓഡിറ്റ് മോണിറ്ററിങ് സമിതിയുടെ ശുപാർശ പരിഗണിച്ച് മേലിൽ ആവർത്തിക്കരുതെന്ന് കർശന നിർദ്ദേശം നൽകി തൃത്താല ഗ്രാമപഞ്ചായത്ത് 2012-13 & 2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 പ്രകാരം നഷ്ടമുണ്ടായ കാര്യത്തിൽ സാധൂകരണം നൽകുന്നതിന് വകുപ്പിന് എതിരഭിപ്രായം ഇല്ല എന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചു. നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക വിരുദ്ധമായാണ് തുക ചെലവഴിച്ചിട്ടുള്ളതെങ്കിലും, തൃത്താല ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ഭരണ സമിതി / പാലക്കാട് ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതി / പ്രിൻസിപ്പൽ ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ എന്നിവരുടെ അനുകൂല ശിപാർശകൾ പരിഗണിച്ചും മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കരുതെന്ന് കർശന നിർദ്ദേശത്തോടെയും പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2012-13 & 2013-14 വർഷങ്ങളിലെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 1,04,000/- (ഒരു ലക്ഷത്തി നാലായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വായംഭരണ വകുപ്പ്, പാലക്കാട്.
സെക്രട്ടറി, തൃത്താല ഗ്രാമ പഞ്ചായത്ത്, പാലക്കാട്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 04-03-2025 12:11:22

സെക്ഷൻ ഓഫീസർ